നോട്ടീസ്

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയുടെ (2013–14) ഭാഗമായി നൽകുന്ന ഫൈബർ കട്ടമരം/ഫൈബർ വള്ളത്തിനുള്ള ധനസഹായത്തിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ വലിയവേളി, അടിമലത്തുറ, കണ്ണാന്തുറ, തുമ്പ, കൊല്ലം ജില്ലയിലെ നീണ്ടകര, മൂതാക്കര, ഇരവിപുരം ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ, പുന്നപ്ര തൃശ്ശൂർ ജില്ലയിലെ ആനാപ്പുഴ, ബ്ലാങ്ങാട്, കാസർഗോഡ് ജില്ലയിലെ വലിയപറമ്പ എന്നീ മത്സ്യഗ്രാമങ്ങളിൽ സ്ഥിരതാമസമുള്ളവരും മത്സ്യത്തൊഴിലാളിയായി രജിസ്റ്റർ ചെയ്തവരും 2014 ജനുവരി 1ന് 21 വയസ്സിനും 50 വയസ്സിനുമിടയിൽ പ്രായമുള്ളവരും സ്വന്തമായി മത്സ്യബന്ധനയാനങ്ങൾ ഇല്ലാത്തവരുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷാഫോറം ബന്ധപ്പെട്ട മത്സ്യഭവനുകളിൽ നിന്നും 2014 ജനുവരി മാസം 10–ാം തീയതി മുതൽ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ ലഭ്യമാകുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 2014 ജനുവരി മാസം 25–ാം തീയതിയ്ക്കു മുമ്പായി അതാതു മത്സ്യഭവൻ ഓഫീസിലോ/കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിലൊ സമർപ്പിക്കേണ്ടതാണ്. സമയപരിധിയ്ക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് www.keralacoast.org. സന്ദർശിക്കുക

ഒപ്പ്
മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ